ഡോക്ടർ (മിസ്സിസ്) ടി. ഫ്രാൻസിസ്സ്: സർ, റിട്ടയർ ചെയ്യാൻ പോകുന്ന ഫസ്റ്റ് ക്ലാസ് ഓഫീസർമാർ ഉണ്ടല്ലോ, ഇവരുടെ എല്ലാം പോസ്റ്റുകൾ അത്യന്താപേക്ഷിതമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവരുടെ പോസ്റ്റ് ആവശ്യമില്ലാത്തതുകൊണ്ട് റിട്ടയർ ചെയ്യുന്നതല്ല. അവർ സർവ്വീസിൽ നിന്നും സൂപ്പറാനുവേഷൻ (Superannuation) ആയി റിട്ടയർ ചെയ്യുകയാണ്.

ഡോക്ടർ (മിസ്സിസ്) ടി. ഫ്രാൻസിസ്സ്: ഇതിൽ റിട്രെഞ്ച്മെന്റ് വരുത്താൻ തക്ക പോസ്റ്റുകൾ ഇല്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു നോട്ടിസ്സ് വേണം.

FERRY TRANSPORT SERVICE—ACCOUNTS REGARDING

165. (336) മിസ്റ്റർ കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെന്റ് ദയവായി മറുപടി പറയുമോ.—

(എ) ഫെറി ബോട്ട് ടാൻസ്പോർട്ട് സർവ്വീസിലെ വരവു ചിലവ് എത്ര;

(ബി) ഗവണ്മെന്റ് സർവ്വീസ് ഏറ്റെടുത്തതിനുശേഷം ടിക്കറിനു ചാർജ്ജ് കൂട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) വരവ് ക. ഫ, ഴ ഠ, വ ഫ ൻ — ഫ ഫ — ന.
ചിലവ് ക. ഫ, ര ൻ, ഫ ഴ — ഫ ഫ — ൻ.

(ബി) ഗവണ്മെന്റ് സർവ്വീസ് ഏറ്റെടുത്തതിനുശേഷം ടിക്കറിനു ചാർജ്ജ് കൂട്ടിയിട്ടില്ല. എന്നാൽ മാസപാസ്സുകൾക്ക് താഴെ വിവരിക്കുന്ന ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

	ഇപ്പോഴത്തെ നിരക്ക്			പഴയ നിരക്ക്		
		എറണാകുളം—മട്ടാഞ്ചേരി				
	ക.	ണ.	സ.	ക.	ണ.	സ.
ഫസ്റ്റ് ക്ലാസ്സ്	ന	ഠ	ഠ		ഇല്ല	
സെക്കന്റ് ക്ലാസ്സ്	ഉ	ഠ	ഠ	ര	ഠ	ഠ
		ഹാർബർ—മട്ടാഞ്ചേരി				
ഫസ്റ്റ് ക്ലാസ്സ്	ര	ഠ	ഠ		ഇല്ല	
സെക്കന്റ് ക്ലാസ്സ്	ന	ഠ	ഠ		ഇല്ല	
		എറണാകുളം—വെണ്ടുരുത്തി ഡീപ്				
ഫസ്റ്റ് ക്ലാസ്സ്	ഉ	ഠ	ഠ		ഇല്ല	
സെക്കന്റ് ക്ലാസ്സ്	ന	വ	ഠ	ന	വ	ഠ
		എറണാകുളം—കസ്റ്റംസ്				
ഫസ്റ്റ് ക്ലാസ്സ്	ന	ഠ	ഠ		ഇല്ല	
സെക്കന്റ് ക്ലാസ്സ്	ര	വ	ഠ	ര	വ	ഠ
നാലാം ക്ലാസ്സ്	ന	ഠ	ഠ	ന	വ	ഠ

Mr. President: Qustion No. 166 also relates to the same subjcet.

FERRY SERVICE—INCOME AND EXPENDITURE OF

166. (151) **Mr. K. W. Muralidhara Marar** *(Trippunithura):* Will Government be pleased to state.—

what has been the income and expenditure of the Government from the ferry service since nationalisation?

Mr. K. Ayyappan *(Minister for Works and Revenue):*

Total receipts Rs. 1,70,829—12—6. Total expenditure Rs. 1,49,277—11—9.

മിസ്റ്റർ എം. ഐ. പോൾ: ഈ ചിലവു കാണിച്ചിട്ടുള്ളതിൽ ബോട്ടുകൾ വാങ്ങിച്ചിട്ടുള്ളതിന്റെ വിലയും ഉൾപ്പെട്ടുകയില്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: ചിലവു എന്നു പറയുന്നതു റണ്ണിങ്ങ് എക്സ്പെൻസസ്സ് (Running expenses) മാത്രമാണ്.

മിസ്റ്റർ സി. യു. നാരായണൻ: അതിൽ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജസ് (Establishment charges) പെടുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: അതുപെട്ടം.

മിസ്റ്റർ ടി. പി. സീതാരാമൻ: ലാൻറിങ്ങ് ക്രാഫ്ട്സ് (Landing crafts) എത്ര വിലക്കാണ് വാങ്ങിയതു?

മിസ്റ്റർ കെ. അയ്യപ്പൻ: ₹ ൭, ൦ ൦ ൦ ഉറുപ്പിക വില വരും.

മിസ്റ്റർ ടി. പി. സീതാരാമൻ: അങ്ങിനെ എത്ര എണ്ണം വാങ്ങിച്ചിട്ടുണ്ടു?

മിസ്റ്റർ കെ. അയ്യപ്പൻ: ഏഴെണ്ണമോ, എട്ടെണ്ണമോ വാങ്ങി.

മിസ്റ്റർ ടി. പി. സീതാരാമൻ: ഇരുപതിനായിരത്തിൽ ചിലപ്പോൾ ഉറുപ്പികയാണ് ഈ കണക്കു പ്രകാരം ലാഭമുള്ളതായി കാണുന്നതു; എന്നാൽ നാഷ്ണലൈസേഷനു മുമ്പ് നടത്തിയിരുന്നവരുടെ കയ്യിൽ നിന്നു എന്തൊരായം കിട്ടിയിരുന്നു?

മിസ്റ്റർ കെ. അയ്യപ്പൻ: ലൈസൻസ് ഫീസായി ഇരുപതിനായിരം ഉറുപ്പികയോളമാണ് കിട്ടിയിരുന്നതെന്നു തോന്നുന്നു.

മിസ്റ്റർ ടി. പി. സീതാരാമൻ: Landing crafts ഓരോന്നിനും പതിനേഴായിരം ഉറുപ്പികയോളം വില വരുമെന്നുണ്ടെങ്കിൽ ഈ സർവ്വീസ് നടത്തുന്നതുകൊണ്ടു ലാഭമാണെന്നു തോന്നുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: Landing crafts ഇതിനു വേണ്ടി വാങ്ങിയതല്ല. ഏഴു ബോട്ടുകൾ വേറെ വാങ്ങിയിട്ടുണ്ടു. ഇനിയും വേണ്ടുബോട്ടുകൾ വാങ്ങിക്കഴിഞ്ഞാൽ ഇതിലും ആദായമുണ്ടാകും. Landing craft കൂടി നടത്തിയ കാലത്തെ കണക്കാണ് ഇതിൽ കാണിച്ചിട്ടുള്ളതു. എന്നാൽ Landing craft വാങ്ങിയതു ഇതിനു വേണ്ടിയല്ല.

മിസ്റ്റർ ടി. പി. സീതാരാമൻ: ഈ Landing crafts എത്ര ചെയ്യാൻ പോകുന്നു?

മിസ്റ്റർ കെ. അയ്യപ്പൻ: നാലഞ്ചെണ്ണം ഇപ്പോൾ വിൽക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു.

മിസ്റ്റർ ടി. പി. സീതാരാമൻ: അതു വിറ്റാൽ ഓരോന്നിനും ₹ ൦ ൦ ൦ക. യെ വില കിട്ടുകയുള്ളു എന്നു പറയുന്നുണ്ടല്ലൊ?

മിസ്റ്റർ കെ. അയ്യപ്പൻ: അങ്ങിനെയല്ല.

മിസ്റ്റർ കെ. കരുണാകരൻ: ബോട്ടുകൾക്കു ചോർച്ച വരുന്നതുപോലെ ഈ വരവിനും ചോർച്ച വരുന്നതിനെ തടയുവാൻ വേണ്ട നടപടിയെടുക്കാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അതു ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടാൽ വേണ്ട നടപടിയെടുക്കും.

മിസ്റ്റർ ടി. പി. സീതാരാമൻ: ഇപ്പോഴത്തെ സർവ്വീസ് ആരുടെ അടുക്കൽനിന്നു വാങ്ങിയിട്ടുള്ളതാണു?

മിസ്റ്റർ കെ. അയ്യപ്പൻ: അതു് മിസ്റ്റർ കോഡരും മറവും അടങ്ങിയ ടാൻസ്പോർട്ട് കമ്പനിക്കാരുടെ കയ്യിൽ നിന്നാണു.

മിസ്റ്റർ ടി. പി. സീതാരാമൻ: അവർ ഗവൺമെണ്ടിലേക്കു തന്നിട്ടുള്ളതിനേക്കാൾ വളരെ കൂടുവാണു് ഇപ്പോൾ കിട്ടുന്നതു് എന്നൊരു പരാതിയുണ്ടു. അതു ശരിയാണൊ?

മിസ്റ്റർ കെ. അയ്യപ്പൻ: അതു് ലാൻറിംഗ് ക്രാഫ്ട്സ് (Landing crafts) വച്ചു നടത്തിയിരുന്ന കാലത്തെ പരാതിയാണു.

മിസ്റ്റർ ടി. പി. സീതാരാമൻ: ₹ ൨൫൦൦൦൦൦ൽ വരവു ചിലവുകണക്കുകൾ കാണുന്നതിൽ ഈ പരാതി ഉൾപ്പെടുന്നകാലത്തെ കണക്കു് ഉൾപ്പെടുമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: എട്ടരമാസത്തെ കണക്കാണു് ഇവിടെ തന്നിട്ടുള്ളതു്. അതിൽ ആ കാലവും ഉൾപ്പെടും.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: തൊഴിലാളികൾക്കു് ശരിക്കു ശമ്പളം കൊടുത്തിട്ടില്ലെന്നുള്ള പരാതി ഉള്ളതായി ഗവൺമെണ്ടിന്നറിയാമൊ?

Mr. K. Ayyappan (*Minister for Works and Revenue*): The Question doesn't arise, Sir.

Mr. President: Order, the Question is "വരവു ചിലവെത്ര" എന്നാണു.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: ഇതിൽ കാണിച്ചിട്ടുള്ളതു് ശമ്പളം കൊടുക്കാതെയുള്ള വരവാണെന്നു് അറിയാമൊ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരമില്ല.

മിസ്റ്റർ ഒ. ടി. ഇനാശു: ഇതിൽ കാണിച്ചിട്ടുള്ള ചിലവിൽ അതിന്ന് ആവശ്യമായഎല്ലാ സ്റ്റാഫിനേറയും ശമ്പളം ഉൾപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഉണ്ട്.

മിസ്റ്റർ മുഹമ്മദ്അയൂബ്: ബോട്ടിനുള്ള ചോക്ക്യെസ്സുംബന്ധിച്ച് കാര്യങ്ങൾ..

മിസ്റ്റർ പ്രസിഡണ്ട്: ഈ ചോദ്യം വരവു ചിലവിന്റെ കാര്യത്തിൽ ഉൾപ്പെടുന്നില്ല.

മിസ്റ്റർ എം. ഐ. പോൾ: ലാൻഡിംഗ് ക്രാഫ്ട് ഇവിടെയല്ലാതെ വേറെ വല്ലയിടത്തും ഓടുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: കൃത്യമായി പറയുവാൻ നോട്ടിസ് വേണം.

മിസ്റ്റർ എം. ഐ. പോൾ: ഇതിൽ ഫെറി ബോട്ട് ഓടുന്നസ്ഥലങ്ങളായി എറണാകുളം–മട്ടാഞ്ചേരി, ഫാർബർ–മട്ടാഞ്ചേരി, എറണാകുളം–വെണ്ടുരുത്തി, എറണാകുളം—കസ്റ്റംസ് എന്നൊക്കെ കാണിച്ചിട്ടുണ്ട്. ഈ ലൈനുകൾ വിട്ട് വേറെ വല്ലയിടത്തും ലാൻഡിംഗ് ക്രാഫ്ട് ഓടുന്നുണ്ടോ?

മിസ്റ്റർ പ്രസിഡണ്ട്: ഇതും വരവു ചിലവുമായിട്ടെന്താണ് ബന്ധം? That Question does not arise.

മിസ്റ്റർ കെ. അയ്യപ്പൻ: അതു് ഓടിക്കാറില്ല.

മിസ്റ്റർ ടി. പി. സീതാരാമൻ: ലാൻഡിംഗ്ക്രാഫ്ട് വിലക്കുന്നതിന്ന് ടെൻഡർ കാൾ ഷോർ (call for)ചെയ്തിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഉണ്ട്.

AYURVEDA HOSPITAL AT AZHICODE—NUMBER OF HONY. VISITORS' MEETINGS HELD, ETC.

167. (227) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ —

(എ) അഴീക്കോട് ആയുർവ്വേദാശുപത്രിയുടെ സന്ദർശകബോർഡ് ഈ കഴിഞ്ഞ രണ്ടു കൊല്ലത്തിന്നിപ്പുറം എത്ര യോഗങ്ങൾ കൂടീട്ടുണ്ട്;

(ബി) എത്ര ശുപാർശകൾ പാസ്സാക്കി അയച്ചിട്ടുണ്ട്, അതിൽ എതൊക്കെ സ്വീകരിച്ചു?

മിസ്റ്റർ സി. എ. ഔസേപ്പ്:

(എ) ഒന്ന്.

(ബി) അഞ്ചു്. ആശുപത്രി പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന്നും, അസിസ്റ്റന്റ് വൈദ്യനെ നിശ്ചയിക്കുന്നതിന്നുമുള്ള ശുപാർശകൾ സ്വീകരിച്ചിട്ടുണ്ട്. ശേഷം ആലോചനയിൽ ഇരിക്കുന്നു.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ആലോചനയിലിരിക്കുന്ന സംഗതികൾ എന്നാണ് തീരുമാനിക്കുക?

മിസ്റ്റർ സി. എ. ഔസേപ്പ്: ആലോചനയിലിരിക്കുന്ന സംഗതികൾ സന്ദർശകന്മാരുടെ അടുത്തയോഗം വന്നുകഴിഞ്ഞാൽ തീരുമാനിക്കുന്നതാണ്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ആ സംഗതികൾ എന്താണെന്ന പറയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു എന്താണെന്നു പറയാം. ക. ക്ലോറിൻ മരുന്ന് സപ്ലൈ ചെയ്യുവാനും, ഖ. ഒരു അസിസ്റ്റൻറ് വൈദ്യനെ വച്ചുകൊടുക്കുവാനും ഒരു കമ്പോണ്ടറെ മാറ്റി അയക്കാനും, ഗ. ഒരു പെറിയ തോട്ടം ഉണ്ടാക്കാനുമാണ്.

മിസ്റ്റർ ടി. പി. സീതാരാമൻ: രണ്ടു കൊല്ലത്തിനിടക്ക് ഒരു യോഗം കൂടിയാൽ പോര എന്നു തോന്നുന്നില്ലെ?

മിസ്റ്റർ സി. എ. ഔസേപ്പ്: പോര എന്നു തോന്നുന്നുണ്ട്.

മിസ്റ്റർ ടി. പി. സീതാരാമൻ: പിന്നെ എന്തിനാണ് സന്ദർശക ബോർഡിൽ അത്രയും മെമ്പർമാരെ ഇനിയും വെച്ചുകൊണ്ടിരിക്കുന്നത്?

മിസ്റ്റർ സി. എ. ഔസേപ്പ്: മെമ്പർമാരെ വേറെ Constitute ചെയ്യുവാൻ നടപടി എടുത്തുവരുന്നുണ്ട്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഇപ്പോൾ ഒരു അസിസ്റ്റൻറ് വൈദ്യനെ നിശ്ചയി

LIBRARY ARCHIVES Kerala Legislative Assembly